

# ഒരു സൈബർ ചങ്ങാതിയുടെ നിഗൂഢത

**Original Publisher:** Pratham Books
**Author:** Zac O'Yeah
**Illustrator:** Niloufer Wadia
**Translator:** Shabeeba N Noorainganakam

storyweaver Community

Level 4



കാട്പ്പാടി ജംങ്ഷനടുത്തുള്ള ചെറിയ പട്ടണത്തിലെ ഒരു അപ്പാർട്ട്മെന്റിലാണ് ശ്രീ താമസിക്കുന്നത്.

അവളുടെ അമ്മ ഒരു ജ്വല്ലറിയിലാണ് ജോലി ചെയ്യുന്നത്. അച്ഛൻ ഒരു ടാക്സി ഡ്രൈവറാണ്. അച്ഛനും, അമ്മയും അവളെ കമ്പ്യൂട്ടർ പഠിപ്പിക്കാൻ ആഗ്രഹിച്ചു. അതുകൊണ്ട് അവൾ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിൽ അവർ സന്തോഷിച്ചു.

ഇപ്പോൾ കമ്പ്യൂട്ടർ അവളുടെ ഉറ്റ ചങ്ങാതിയാണ്. സ്കൂളിലെ പ്രോജക്ടുകൾക്കു വേണ്ടിയുള്ള അറിവുകളും, ചിത്രങ്ങളും ശേഖരിക്കാനും, ഇ-മെയിൽ അയക്കാനും അവൾ അത് ഉപയോഗിക്കുന്നു.



ശ്രീയുടെ ആന്റി അവരോടൊപ്പമാണ് താമസിക്കുന്നത് . എല്ലാവരും അവരെ 'അക്ക' എന്നാണ് വിളിക്കുന്നത്. ടിവിയിൽ തനിക്ക് ഇഷ്ടപ്പെട്ട പഴയ സിനിമകൾ കാണുന്നതിനിടയിൽ അവർ ഉറക്കം തൂങ്ങുന്നത് പതിവാണ്. 'അക്ക'യാണ് ശ്രീക്ക് ഇഷ്ടപ്പെട്ട ചൂടു ദോശയും, നൂഡിൽസും ഉണ്ടാക്കിക്കൊടുക്കുന്നത്.

ലഘുഭക്ഷണത്തിനു ശേഷം ശ്രീ കളിക്കാൻ ഇഷ്ടപ്പെടുന്നു. പക്ഷേ അക്ക പറയുന്ന കൊത്തംകല്ലു പോലുള്ള പഴയ കളികളിൽ അവൾക്ക് താല്പര്യമില്ല, കമ്പ്യൂട്ടർ ഗെയിം കളിക്കാനാണ് അവൾക്ക് ഇഷ്ടം.



കമ്പ്യൂട്ടറിൽ ഗെയിം കളിക്കുക മാത്രമല്ല, പുതിയ ചങ്ങാതിമാരെ കണ്ടെത്താനുള്ള ഫ്രെണ്ട്സ് നെറ്റും ( FriendsNet) ഉണ്ട്.

രണ്ടു മാസം മുമ്പ് അവൾ ഫ്രെണ്ട്സ് നെറ്റിൽ ചേർന്നു, അന്നായിരുന്നു അവളുടെ 13 -ാമത്തെ ജന്മദിനം.
ചായയും പലഹാരവും കഴിച്ചതിനു ശേഷം അവൾ സ്ക്കൂളിലെ ചങ്ങാതിമാരുമായി ചാറ്റ് ചെയ്തു. സ്ക്കൂൾ ബസ്സിൽ അവസാന ദിവസം കണ്ടപ്പോൾ നടന്ന കാര്യങ്ങൾ അവർ തമ്മിൽ സംസാരിച്ചു.

ശ്രീ പറഞ്ഞു "എനിക്ക് തന്ന ചായയിൽ ഇന്ന് മധുരം കൂടുതലായിരുന്നു " - ഒരു കൂട്ടുകാരി " അതു തന്നെയല്ലേ നിനക്ക് ദിവസവും കിട്ടാറുള്ളത് ".

ശ്രീ: "എനിക്ക് ഇന്ന് ദോശയുടെ കൂടെ സ്വാദിഷ്ടമായ നൂഡിൽസും ഉണ്ടായിരുന്നു."

" ഭക്ഷണം കഴിക്കുകയല്ലാതെ നീ വേറൊന്നും ചെയ്യാറില്ലേ?" മറ്റൊരു സുഹൃത്ത് കളിയാക്കി.

ശ്രീക്ക് ദേഷ്യം വന്നു.

അവൾ അവരെയെല്ലാം അൺഫ്രണ്ട് ( Unfriend ) ചെയ്യാൻ തീരുമാനിക്കുന്നു,

പിന്നീട് അവൾക്ക് അതിൽ സങ്കടം തോന്നുന്നു. ഇതിനിടയിൽ ശ്രീക്ക് ഒരു ഫ്രണ്ട് റിക്വസ്റ്റ് ( Friend request) വന്നു.

അവളുടെ പേര് ചൈത്ര എന്നാണ്, അവൾ ഒരു സിനിമാ നടിയെപ്പോലെ സുന്ദരിയാണ്.





ശ്രീ ആക്സെപ്റ്റ് ( Accept) ക്ലിക്ക് ചെയ്തപ്പോൾ ഫ്രെണ്ട്സ് നെറ്റിൽ അവർ സുഹൃത്തുക്കളായി.

ചൈത്ര ടൈപ്പ് ചെയ്തു "നിനക്ക് കുറേ സുഹൃത്തുക്കളുണ്ടോ ?"

" ഇല്ല, എന്റെ കുറച്ചു ചങ്ങാതിമാരെ ഇന്ന് എനിക്ക് നഷ്ടമായി " ഒരു സങ്കടത്തിന്റെ ചിഹ്നം ( Sad Emoji) ചേർത്ത് അവൾ മറുപടി അയച്ചു.

" അതിനെന്താ? നമുക്ക് എത്ര സുഹൃത്തുക്കളുണ്ട് എന്നതിൽ കാര്യമില്ല - എത്ര നല്ല സുഹൃത്തുക്കളുണ്ട് എന്നതാണ് പ്രധാനം. ഇപ്പോൾ നിനക്ക് സുഹൃത്തായി ഞാനുണ്ടല്ലോ?"

ചൈത്ര പറഞ്ഞത് ശ്രീക്ക് വളരെ ഇഷ്ടപ്പെട്ടു.



" നീ ഏത് സ്ക്കൂളിലാണ് പഠിക്കുന്നത്?" ശ്രീ ടൈപ്പ് ചെയ്തു.

"നിന്റെ സ്ക്കൂളിനടുത്ത് " ചൈത്ര മറുപടി അയച്ചു.

"ഞാൻ ഏത് സ്കൂളിലാണ് പഠിക്കുന്നതെന്ന് നിനക്ക് എങ്ങനെ അറിയാം" ശ്രീ അത്ഭുതത്തോടെ ചോദിച്ചു.

" കാരണം അത് എന്റെ സ്ക്കൂളിനടുത്താണ് "

" വളരെ നല്ലത്. എങ്കിൽ നമുക്ക് തമ്മിൽ കാണാം "

" കാണാം! നമ്മൾ എല്ലായിപ്പോഴും നല്ല സുഹൃത്തുക്കളായിരിക്കും " ബായ് എന്ന് അയച്ചിട്ട് ചൈത്ര സൈൻ ഓഫ് ചെയ്തു.



അടുത്ത ദിവസം സക്കൂളിൽ പോകുമ്പോൾ
ചൈത്ര പറഞ്ഞ സ്കൂൾ എവിടെയാണെന്ന്
ശ്രീ നോക്കിയിരുന്നു,

പക്ഷേ അവൾ ഒന്നും കണ്ടില്ല,
അങ്ങനെ ഒരു സ്കൂളിനെപ്പറ്റി അവൾ കേട്ടിട്ടേയില്ലായിരുന്നു.

അത് ശ്രീയുടെ മനസ്സിൽ എന്തോ ഒരു സംശയമുണർത്തി.
എങ്കിലും ചൈത്ര ഇപ്പോൾ മറ്റാരെക്കാളും പ്രധാന്യമുള്ള
നല്ല സുഹൃത്താണ്.



ചില്ലി ചിക്കന്റെ മണമുള്ള നൂഡിൽസ് അവൾക്ക് ഏറ്റവും പ്രിയപ്പെട്ടതാണ്, എന്നിട്ടും ഇന്ന് അവൾ ഒന്നും കഴിച്ചില്ല.

എന്താണ് പ്രശ്നമെന്ന് അക്ക അത്ഭുതപ്പെട്ടു. " നിനക്കെന്തെങ്കിലും അസുഖമാണോ?"

" സ്ക്കൂളിൽ നിന്നും ഹോം വർക്ക് കുറേയുണ്ട് " എന്ന് അവൾ നുണ പറഞ്ഞു.

"ശരി, എങ്കിൽ നീ പോയി നിന്റെ ഹോം വർക്ക് ചെയ്യൂ. ഞാൻ അല്പനേരം ഉറങ്ങട്ടെ " എന്ന് അക്ക ശ്രീയോടു പറഞ്ഞു.

പക്ഷേ, ശ്രീ അവളുടെ ഹോം വർക്ക് ചെയ്യുന്നതിനു പകരം കമ്പ്യൂട്ടർ ഓൺ ചെയ്ത് അവളുടെ പുതിയ സുഹൃത്തിന്റെ മെസേജിനായി കാത്തിരുന്നു.

വൈകാതെ ചൈത്രയുടെ മെസേജ് വന്നു.



"ഹലോ ഫ്രണ്ട് സുഖമാണോ?"

" എനിക്ക് സുഖം തന്നെയാണ്, ഞാൻ ഇന്ന് ഭക്ഷണം കഴിച്ചിട്ടില്ല" ശ്രീ ടൈപ്പ് ചെയ്തു.

"എന്തു പറ്റി "







"ഞാൻ നിന്നോട് സംസാരിക്കാൻ ആഗ്രഹിക്കുന്നു,
ചായ കുടിച്ചിട്ട് പെട്ടെന്ന് വന്നതാണ് " ശ്രീ ടൈപ്പ് ചെയ്തു.

" വളരെ നല്ലത് , ഇപ്പോൾ നിന്റെ ഒരു സെൽഫി അയക്കാമോ?. നിന്റെ ഫോൺ നമ്പർ അയച്ചാൽ ഞാൻ നിന്നെ വിളിക്കാം". ചൈത്ര ടൈപ്പ് ചെയ്തു.

" എനിക്ക് ക്യാമറാ ഫോൺ ഇല്ല" ശ്രീ സങ്കടത്തോടെ ടൈപ്പ് ചെയ്തു.




ചൈത്ര അവളുടെ പഴയ ക്യാമറാ ഫോൺ ശ്രീക്ക് കൊടുക്കാമെന്ന് പറഞ്ഞു.

"നമുക്ക് ഈ ഞായറാഴ്ച്ച നേരിൽ കാണാം, അപ്പോൾ ഞാൻ നിന്റെ ഫോട്ടോ എടുക്കാം, എന്റെ പഴയ ക്യാമറ ഫോൺ നിനക്ക് തരികയും ചെയ്യാം ".

ശ്രീ എപ്പോഴും ഒരു ക്യാമറാ ഫോൺ വേണമെന്ന് ആഗ്രഹിച്ചിരുന്നു. " നമുക്ക് എവിടെ വെച്ച് കാണാം " ശ്രീ ചോദിച്ചു.

"റെയിൽവേ സ്റ്റേഷനിൽ വെച്ച് കാണാം " ചൈത്ര ടൈപ്പ് ചെയ്തു.

"എത്ര മണിക്ക് ?"

"ബങ്കലുരു ട്രയിൻ അവിടെ എത്തുന്ന സമയത്ത് "



മുറി വൃത്തിയാക്കുന്നതിനു
വേണ്ടി അക്ക പെട്ടെന്ന്
അകത്തേക്ക് വന്നു.

" നീ എന്താണ്
ചെയ്യുന്നത് ശ്രീ? "

" അക്ക, എനിക്ക് പുതിയ ഒരു
ഫ്രണ്ടിനെ കിട്ടി."

ശ്രീയുടെ തോളിനു
മുകളിലിലൂടെ അക്ക
ചൈത്രയുടെ പ്രൊഫൈൽ
പിക്ചർ ( Profile picture) ലേക്ക്
നോക്കി.

" പക്ഷേ ഇത് ഞാൻ വളരെ
ഇഷ്ടപ്പെടുന്ന ഒരു സിനിമാ
നടിയാണ്, മധൂ. ഇവൾ നിന്റെ
ഫ്രണ്ടാണോ ?"

" പക്ഷേ അവളുടെ പേര്
ചൈത്ര എന്നാണ്. "



അക്ക ചിരിച്ചു കൊണ്ട്  തലകുലുക്കി. " അത് മധുവാണ്, ഇവളുടെ എല്ലാ സിനിമകളും ഞാൻ കണ്ടിട്ടുണ്ട്, ഇവൾക്ക് ഇപ്പോൾ പ്രായമായിട്ടുണ്ടാകും."

" അവൾക്ക് എന്റെ അതേ പ്രായമാണ് " ശ്രീ ഉറപ്പിച്ചു പറഞ്ഞു.

" ഇല്ല, . ഇല്ല, അവൾക്ക് എന്റെ അത്രയും പ്രായമുണ്ട്, " അക്ക പറഞ്ഞു.

" ഇത് അവൾ സ്ക്കൂളിൽ പഠിക്കുമ്പോൾ എടുത്ത ഫോട്ടോയാണ്, ഇത് അവളുടെ ആദ്യ സിനിമയിൽ നിന്നുള്ളതാണ്. "

ശ്രീക്ക് അക്കയോട് ദേഷ്യം തോന്നി.

ചൈത്ര ഒരു സിനിമാനടിയുടെ ഫോട്ടോ ഉപയോഗിച്ചതാണോ?





" നിനക്ക് എത്ര വയസ്സായി?" ശ്രീ ടൈപ്പ് ചെയ്തു.

" ഞാൻ നിന്നോട് പറഞ്ഞില്ലേ എനിക്കും നിന്നെപ്പോലെ 13 വയസ്സായി" ചൈത്ര മറുപടി അയച്ചു.
" വളരെ നല്ലത്. നല്ല ചങ്ങാതിമാർ എന്നും സമപ്രായക്കാരായിരിക്കണം."

" ഹെയ്, നിന്റെ കാതിലെ കമ്മൽ നല്ല ഭംഗിയുള്ളതാണ്!" ശ്രീ ടൈപ്പ് ചെയ്തു

"നന്ദി, അവ ഞാൻ തന്നെ ഉണ്ടാക്കിയതാണ്."
" ഓഹോ! എങ്കിൽ നാളെ നമ്മൾ കാണുമ്പോൾ നീ ആ കമ്മൽ അണിഞ്ഞ് വരണം"

" ശരി, പക്ഷേ നീ തനിച്ച് വരികയാണെങ്കിൽ മാത്രം," ചൈത്ര പറഞ്ഞു

"അതെന്താ " ശ്രീ ടൈപ്പ് ചെയ്തു

" കാരണം നമ്മുടെ രഹസ്യ കൂടിക്കാഴ്ചക്ക് ഞാനും തനിച്ചാണ് വരുന്നത്!" ചൈത്ര പറഞ്ഞു.

'ശരി ' എന്നു ടൈപ്പ് ചെയ്യുമ്പോഴാണ് പെട്ടെന്ന് ശ്രീക്ക് ഓർമ്മ വന്നത്.
" ഏയ് ചൈത്ര ഞങ്ങളുടെ സ്ക്കൂളിനടുത്ത് വേറൊരു സ്ക്കൂളും കണ്ടില്ലല്ലോ."

എന്നു ടൈപ്പ് ചെയ്യുമ്പോഴേക്കും ചൈത്ര ഓഫ് ലൈൻ (offline) ആയി.

അവൾ എന്നോട് അസത്യം പറയുകയാണോ? ശ്രീ സ്വയം ചിന്തിച്ചു.





ശ്രീ വല്ലാതെ അസ്വസ്ഥയായി, അവൾക്ക് ഹോംവർക്ക് ചെയ്യാൻ കഴിഞ്ഞില്ല.

" അക്കാ" അവൾ വിളിച്ചു

" പറയൂ എന്റ പ്രിയപ്പെട്ട ശ്രീ എന്താണ് നിന്നെ അലട്ടുന്നത് " അക്ക ചോദിച്ചു .


ശ്രീ തന്റെ പുതിയ സുഹൃത്തിനേക്കുറിച്ചും, അവൾ പറഞ്ഞ നുണയേക്കുറിച്ചും എല്ലാം അക്കയോട് സത്യസന്ധമായി തുറന്നു പറയാൻ തീരുമാനിച്ചു.

" അക്ക ഞാൻ എന്തു ചെയ്യണം?"




പിറ്റേന്ന് ബങ്കലുരു ട്രയിൻ വരുന്നതിന് കുറേ മുമ്പുതന്നെ അവർ കാട്പ്പാടി റെയിൽവേ സ്റ്റേഷനിൽ എത്തി. ശ്രീയുടെ പുതിയ ചങ്ങാതി സത്യസന്ധമാണോ എന്നറിയാൻ അവർക്ക് ഒരു രഹസ്യ പദ്ധതി ഉണ്ടായിരുന്നു.

അക്ക പറഞ്ഞു .. " ഞാൻ സ്റ്റേഷൻ മാസ്റ്ററോട് സംസാരിക്കാം അദ്ദേഹത്തിന് നമ്മളെ സഹായിക്കാൻ കഴിയും."



ബങ്കലുരുവിൽ നിന്നുള്ള ട്രയിൻ വന്നുകൊണ്ടിരുന്നു.. ശ്രീ ചുറ്റും നോക്കി..
സ്റ്റേഷന്റെ അകത്താണോ പുറത്താണോ കാത്തു നിൽക്കാൻ ചൈത്ര പറഞ്ഞിട്ടുണ്ടായിരുന്നത് എന്ന് ശ്രീക്ക് ഓർമ്മയില്ലായിരുന്നു.

അക്ക എവിടെപ്പോയി..
അക്കയെ എവിടെയും കണ്ടില്ല.




ഒരു പാട് യാത്രക്കാർ ട്രയിനിൽ നിന്നും
പുറത്തേക്ക് വരുന്നു. ചൈത്രയെപ്പോലെ
ആരെയും കണ്ടില്ല.

ശ്രീയുടെ അച്ഛന്റെ അത്രയും പ്രായമുള്ള ഒരാൾ
അവളുടെ അടുത്തേക്ക് നടന്നു വന്നു.

അയാൾ ചിരിക്കുന്നു. " ഹലോ ശ്രീ! "
ശ്രീ അമ്പരന്നു പോയി. അവൾക്ക് അയാളെ
അറിയില്ലായിരുന്നു.

" നിന്നെ കണ്ടതിൽ വളരെ സന്തോഷം " അയാൾ
പറഞ്ഞു.

"ആരാ... ആരാണ് നിങ്ങൾ... നിങ്ങൾ ചൈ...
ചൈത്ര അല്ല...
ശ്രീ ഭയത്തോടെ വിക്കി വിക്കി പറഞ്ഞു.



" അല്ല... ഞാൻ നിന്റെ ചങ്ങാതി ആകാൻ ഇഷ്ടപ്പെടുന്ന ഒരു അങ്കിൾ (uncle) ആണ്.

എനിക്ക് കൗമാര പ്രായമുള്ള പെൺകുട്ടികളോട് കൂട്ടുകൂടാനാണ് ഇഷ്ടം." ആ അങ്കിൾ പറഞ്ഞു.

അയാൾ അവളുടെ അടുത്തേക്ക് വന്ന ഉടനെ

" ഈൗൗൗൗ " ശ്രീ ഉച്ചത്തിൽ കരഞ്ഞു.

അടുത്ത നിമിഷം അക്കയും, സ്റ്റേഷൻ മാസ്റ്ററും അവളുടെ അടുത്തെത്തി.

അങ്കിൾ ഞെട്ടിപ്പോയി!

ശ്രീ മുതിർന്ന രണ്ട് ആളുകളെ കൂടെ കൊണ്ടുവരുമെന്ന് അയാൾ ഒട്ടും പ്രതീക്ഷിച്ചില്ല.



അക്ക കൈയ്യിലിരുന്ന ബാഗുകൊണ്ട് അയാളെ അടിച്ചു.

"എന്റെ മരുമകളുടെ അടുത്തു വരാൻ ഇനി നിനക്ക് ധൈര്യമുണ്ടോ ?" അക്ക ആക്രോശിച്ചു.

" ആ ..ആ..ആ " അയാൾ കരഞ്ഞു.

അപ്പോൾ തന്നെ ട്രയിൻ നീങ്ങാൻ തുടങ്ങുന്നു. അയാൾ ട്രയിൻ ബോഗിയുടെ വാതിലിനടുത്തേക്ക് ഓടി. സ്റ്റേഷൻ മാസ്റ്റർ അയാളെ പിടിക്കാനായി പുറകേ ഓടി, പക്ഷേ അപ്പോഴേക്കും അയാൾ ട്രയിനിനകത്തെ തിരക്കുകൾക്കുള്ളിൽ മറഞ്ഞു.

ശേഷം അവരെല്ലാവരും പോലീസ് സ്റ്റേഷനിലേക്ക് പോകുന്നു.



" നിങ്ങൾ ധൈര്യമുള്ളവരാണ് " ഒരു വനിതാ പോലീസ് പറഞ്ഞു.
" വഞ്ചകനായ ഒരാളെക്കുറിച്ച് ഞങ്ങളെ അറിയിച്ചതിന് നന്ദി. 'ശ്രീ' നീ വളരെ ബുദ്ധിമതിയാണ് , വിശ്വാസമുള്ള ഒരു മുതിർന്ന ആളോട് എല്ലാം പറഞ്ഞത് നന്നായി !, ദയവായി സൈബർ സെക്യൂരിറ്റി (Cyber security) യെക്കുറിച്ചുള്ള ഈ പോസ്റ്റർ നിങ്ങളുടെ സക്കൂളിൽ പ്രദർശിപ്പിക്കുമോ? ഞങ്ങൾ നിങ്ങളുടെ സ്കൂളിൽ സൈബർ സെക്യൂരിറ്റിയെക്കുറിച്ചുള്ള ഒരു ക്ലാസ് എടുക്കാം.
സൈബർ ക്രൈം സെല്ലി (Cyber crime cell) ലെ ഒരു വിദഗ്ധനോട് ശ്രീയുടെ കമ്പ്യൂട്ടർ പരിശോധിക്കാൻ പറഞ്ഞു.

അടുത്ത ദിവസം, ഒരു സൈബർ ക്രൈം ഓഫീസർ ശ്രീയുടെ കമ്പ്യൂട്ടർ പരിശോധിച്ചു, മണിക്കൂറുകൾക്കുള്ളിൽ ചൈത്രയായി നടിച്ച ആളെ പോലീസ് കണ്ടെത്തി.

അയാളെ അയാളുടെ ബങ്കലുരുവിലെ ഓഫീസിൽ നിന്നും പേലീസ് പിടികൂടി, ഇയാൾ കൗമാരക്കാരായ പെൺകുട്ടികളേയും, ആൺകുട്ടികളേയും സാമൂഹ്യ മാധ്യമത്തി (Social media) ലൂടെ സുഹൃത്തുക്കളാക്കാൻ ശ്രമിക്കുകയാണ് എന്ന് മനസ്സിലായി.

ഇനി മുതൽ പഠിക്കുന്ന സ്കൂളിലെ കൂട്ടൂകാർ മാത്രം മതിയെന്ന് ശ്രീ തീരുമാനിച്ചു.

ഒരു 'സൈബർ ചങ്ങാതി'യിൽ നിന്നും ഉണ്ടായ ഭയപ്പെടുത്തുന്ന അനുഭവങ്ങൾ അവൾ തന്റെ കൂട്ടുകാരോട് പറഞ്ഞു.



# ഒൺലൈനിൽ സുരക്ഷിതരായിരിക്കുക!

## (Be safe online)

**കുട്ടികൾക്ക് സഹായത്തിനായി വിളിക്കേണ്ട നമ്പർ- 1098**

**The child helpline Telephone number in India is - 1098**

ഇന്റർനെറ്റ് (Internet) വളരെ നല്ല ഒരു സാങ്കേതികവിദ്യ ( Techology) യാണ്. പക്ഷേ നമ്മൾ അത് ദുരുപയോഗം ചെയ്താൽ, അത് നിങ്ങൾക്ക് ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാക്കും. അതു കൊണ്ട് ഇന്റർനെറ്റ് വിവേഗത്തോടെ ഉപയോഗിക്കുക.

അപരിചിതരുമായി നിങ്ങളുടെ പേര്, അഡ്രസ്സ് , സ്കൂളിന്റെ പേര്, ഫോൺ നമ്പർ, ഇ-മെയിൽ ഐഡി എന്നിവയൊന്നും പങ്കുവെക്കരുത്.



നിങ്ങളുടെ രക്ഷകർത്താക്കളോ, സംരക്ഷകരോ പരിശോധിക്കാതെ നിങ്ങളുടെ ഫോട്ടോ ആർക്കും അയക്കരുത്.
പരിചയമില്ലാത്തതോ, സംശയം തോന്നുന്നതോ ആയ ഒരു സന്ദേശങ്ങൾ (Message)ക്കും മറുപടി അയക്കരുത്.

ഇന്റർനെറ്റിൽ മാത്രം പരിചയമുള്ള ആളുകളുമായി രക്ഷകർത്താക്കൾ അറിയാതെ ഒരിക്കലും നേരിൽ കാണാൻ പോകരുത്.



**ഓർക്കുക, ഓൺലൈനിലെ മാത്രം പരിചയത്തിൽ നിങ്ങൾ വിചാരിക്കുന്ന ആളായിരിക്കില്ല യഥാർത്ഥത്തിൽ 'അവർ '**

PRATHAM BOOKS storyweaver

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

## Story Attribution:

This story: ഒരു സൈബർ ചങ്ങാതിയുടെ നിഗൂഢത is translated by Shabeeba N Noorainganakam . The © for this translation lies with Shabeeba N Noorainganakam, 2021. Some rights reserved. Released under CC BY 4.0 license. Based on Original story: 'The Mystery of the Cyber Friend', by Zac O'Yeah . © Pratham Books , 2018. Some rights reserved. Released under CC BY 4.0 license.

## Images Attributions:

Cover page: Girl shaking hands with someone, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 2: Meal time at home, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 3: Girl eats happily while a woman watches TV, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 4: An upset girl looks at her computer , by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 5: Photo of a woman in a phone, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 6: Girl smiling looking at a computer, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 7: Three school children walking down the road, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 8: Scene inside a school bus, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 9: Woman touches a girl's forehead to check for fever, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 10: Girl looks worryingly at a woman sleeping on a sofa, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

CC BY

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

## Images Attributions:

Page 11: Window and a clock, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 12: Photo of two girls on the phone, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 13: A worried girl and a happy woman in front of a computer, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 14: Woman and a girl, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 15: A girl comes out of a computer towards another girl, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 16: A girl crying on her bed, looks back at her computer, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 17: The girl and a woman talking to each other, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 18: A busy railway station scene, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 19: Train arrives at a platform, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 20: Porter carries luggage at a railway station, a lost girl looks around frantically, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 21: Man talks to the girl at a railway station, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 22: Woman hits a man with her handbag, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

PRATHAM BOOKS storyweaver

This book was made possible by Pratham Books' StoryWeaver platform. Content under Creative Commons licenses can be downloaded, translated and can even be used to create new stories - provided you give appropriate credit, and indicate if changes were made. To know more about this, and the full terms of use and attribution, please visit the following link.

Images Attributions:

Page 23: Girl, woman and a lawyer talking to the police, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 24: Police members and a girl , by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 25: Students looking at a board, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license. Page 26: Girl smiles and looks at a computer, by Niloufer Wadia © Pratham Books, 2018. Some rights reserved. Released under CC BY 4.0 license.

Disclaimer: https://www.storyweaver.org.in/terms_and_conditions

Some rights reserved. This book is CC-BY-4.0 licensed. You can copy, modify, distribute and perform the work, even for commercial purposes, all without asking permission. For full terms of use and attribution, http://creativecommons.org/licenses/by/4.0/

# ഒരു സൈബർ ചങ്ങാതിയുടെ നിഗൂഢത
(Malayalam)

ശ്രീ കമ്പ്യൂട്ടറിൽ നിന്നും പുതിയ കാര്യങ്ങൾ പഠിക്കാൻ ഇഷ്ടപ്പെടുന്നു. അതിൽ ഗെയിമുകളും സാമൂഹ്യ മാധ്യമ സൈറ്റുകളും ഉണ്ട്! അതിലെ ഒരു സൈറ്റിലൂടെ അവൾക്ക് പുതിയ ഒരു സുഹൃത്തിനെ കിട്ടുന്നു. പക്ഷേ ഈ സുഹൃത്ത് അവളോട് കള്ളം പറയുകയാണോ? സൈബർ ക്രൈം സെൽ എന്തൊക്കെ സഹായങ്ങളാണ് ചെയ്യുന്നത് , വായിക്കൂ ഒരു സൈബർ കഥ

This is a Level 4 book for children who can read fluently and with confidence.

PRATHAM BOOKS
storyweaver

Pratham Books goes digital to weave a whole new chapter in the realm of multilingual children's stories. Knitting together children, authors, illustrators and publishers. Folding in teachers, and translators. To create a rich fabric of openly licensed multilingual stories for the children of India and the world. Our unique online platform, StoryWeaver, is a playground where children, parents, teachers and librarians can get creative. Come, start weaving today, and help us get a book in every child's hand!